**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 300** **09-10-2025 - ൽ മറുപടിയ്ക്ക്**

**കൃഷിക്കാരുടെ വരുമാനം വർദ്ധിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീമതി ഒ എസ് അംബിക | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ നിലവിൽ വന്നശേഷം കൃഷിക്കാരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടി വിശദമാക്കാമോ; | (എ) | കേരള സർക്കാർ 2021 മുതൽ നടപ്പാക്കിയ വിവിധ പദ്ധതികളും ഇടപെടലുകളും കാർഷിക മേഖലയുടെ സുസ്ഥിര വികസനത്തിലൂടെ കർഷകരുടെ വരുമാനം ഗണ്യമായി വർദ്ധിപ്പിക്കാൻ സഹായിച്ചു. പ്രകടനപത്രികയിലെ വാഗ്ദാനപ്രകാരം കർഷക വരുമാനം 50% വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം നിറവേറ്റിയതായി സംസ്ഥാന എക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ പഠനം വ്യക്തമാക്കുന്നു.<br><br>2019 ലെ ശരാശരി മാസവരുമാനമായ 17915 രൂപയിൽ നിന്ന് 2024 ൽ 28984 രൂപ ആയി 61.79% വർദ്ധന കൈവരിച്ചു. ഇത് 2026 ഓടെ 33411 രൂപ ആകുമെന്നാണ് കണക്കാക്കുന്നത്. ഈ വളർച്ചയ്ക്ക് പിന്നിൽ ഉൽപാദന വർദ്ധന, മൂല്യവർദ്ധന വിപണന സൗകര്യങ്ങൾ, കാലാവസ്ഥാ പ്രതിരോധം, യന്ത്രവത്കരണം തുടങ്ങിയ ഘടകങ്ങൾ പ്രധാന പങ്ക് വഹിച്ചു.<br><br>വിഷൻ 2026 ഉം വിഷൻ 2033 ഉം പോലുള്ള ആസൂത്രിത പദ്ധതികൾ കാർഷിക മേഖലയുടെ വളർച്ചയ്ക്ക് അടിത്തറയിട്ടു. 2023-24 സാമ്പത്തിക വർഷത്തിൽ കേരളത്തിന്റെ കാർഷിക വളർച്ച അഖിലേന്ത്യാ ശരാശരിയായ 2.1% നെക്കാൾ ഉയർന്ന 4.65% ആയിരുന്നു. ഈ വളർച്ച കർഷകരുടെ വരുമാനത്തിൽ പ്രതിഫലിച്ചു.<br><br>“ഞങ്ങളും കൃഷിയിലേക്ക്” പദ്ധതിയിലൂടെ ജനകീയ പങ്കാളിത്തം വർധിപ്പിച്ചു. 25,568-ലധികം കൃഷിക്കൂട്ടങ്ങൾ രൂപീകരിച്ചു. ഉൽപ്പാദനം, സേവനം, വിപണനം, മൂല്യവർധന മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിച്ച്, തദ്ദേശ സ്ഥാപന തലത്തിൽ |

മൈക്രോപ്ലാനുകൾ നടപ്പാക്കി. വിള അധിഷ്ഠിത കൃഷിരീതിയിൽ നിന്ന് വിളയിട അധിഷ്ഠിത കൃഷിയിലേക്കുള്ള മാറ്റം കർഷക വരുമാനം ഉയർത്തി. 21,520 ഫാംപ്ലാനുകളും 100 FPO-കളും സൃഷ്ടിച്ചു.

ദ്വിതീയ കാർഷിക മേഖലയിലൂടെ യുവാക്കൾ, സ്ത്രീകൾ, പ്രവാസികൾ എന്നിവരെ ആകർഷിച്ചതിലൂടെ കൂടുതൽ കർഷകർക്ക് വരുമാനം ഉറപ്പാക്കി. മൂല്യവർധിത ഉൽപ്പന്നങ്ങൾക്ക് ഊന്നൽ നൽകി കർഷകരുടെ വരുമാനം വർധിപ്പിക്കുന്നതിന് "ഒരു കൃഷിഭവൻ ഒരു മൂല്യവർധിത ഉൽപ്പന്നം" എന്ന ലക്ഷ്യം സാധ്യമാക്കി 2,000-ത്തിലധികം ഉൽപ്പന്നങ്ങൾ സൃഷ്ടിച്ചു. "കേരളാഗ്രോ" എന്ന പൊതു ബ്രാൻഡിന് കീഴിൽ എല്ലാ ജില്ലകളിലും ഷോറൂമുകൾ തുറന്നു, 2026-ഓടെ ഉൽപ്പന്നങ്ങൾ 4,000 ആക്കി ഉയർത്താൻ ലക്ഷ്യമിട്ടു. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാക്കേജിങ്ങുമായി സഹകരിച്ച് 840 സംരംഭകരെ പരിശീലിപ്പിച്ചു, ഇത് അന്താരാഷ്ട്ര വിപണിയിലേക്കുള്ള പ്രവേശനം സുഗമമാക്കി വരുമാനം വർധിപ്പിച്ചു.

ലോക ബാങ്ക് സഹായത്തോടെയുള്ള "കേര" (Kerala Climate Resilient Agri-Value Chain) പദ്ധതി കാലാവസ്ഥാ വ്യതിയാനത്തെ ചെറുക്കാൻ സഹായിക്കുന്നതിലൂടെ 4 ലക്ഷം കർഷകർക്ക് പ്രത്യക്ഷവും 10 ലക്ഷം കർഷകർക്ക് പരോക്ഷവുമായ പ്രയോജനം ലഭിക്കും . കാർബൺ ബഹിർഗമനം കുറച്ച് നെൽ ഉൽപ്പാദനക്ഷമത വർധിപ്പിക്കാൻ 500 കോടി വകയിരുത്തിയതും പ്രവർത്തനത്തിൽ അന്താരാഷ്ട്ര നെൽ ഗവേഷണ കേന്ദ്രത്തിന്റെ സഹായം ഉറപ്പാക്കിയതും കർഷക വരുമാനം കൂടുതൽ ഉയർത്തുവാൻ ഇടയാക്കും. പദ്ധതിയിലൂടെ റബ്ബർ, കാപ്പി, ഏലം, തെങ്ങ് തുടങ്ങിയ വിളകളുടെ പ്രോത്സാഹനം വരുമാനത്തിന്റെ സ്ഥിരത ഉറപ്പാക്കുകയും ചെയ്യും.

നെൽകൃഷിയിൽ ഉൽപ്പാദനക്ഷമത 2020-21-ൽ 3,091 കി. ഗ്രാം / ഹെക്ടറിൽ നിന്ന് 2022-23 ൽ 3117 കി. ഗ്രാം / ഹെക്ടർ ആയി ഉയർന്നു. 269 കോടി രൂപയുടെ ആനുകൂല്യങ്ങൾ , 257.4 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസനം, ഗുണമേന്മയുള്ള വിത്തുകൾ, ഇൻഷുറൻസ്, തരിശുരഹിത കൃഷി, റോയൽറ്റി, ഉൽപ്പാദന ബോണസ്, ഡ്രോൺ സാങ്കേതികവിദ്യ എന്നിവ കർഷകർക്ക് നൽകിയതിലൂടെ നെൽ കർഷകരുടെ വരുമാനം വർധിച്ചു.

നാളികേരകൃഷിയിൽ ഉൽപ്പാദനക്ഷമത 6,228-ൽ നിന്ന് 7,211 നാളികേരം/ ഹെക്ടർ ആയി വർധിച്ചു. 320 കേരഗ്രാമങ്ങൾ വഴി 54% ഉൽപ്പാദന വർധന കൈവരിച്ചു. 70.42 ലക്ഷം തൈകൾ വിതരണം ചെയ്തു, പച്ചത്തേങ്ങ സംഭരണ വില 32-ൽ നിന്ന് 34 രൂപയായി ഉയർത്തി. സംഭരണ പരിധി 5-ൽ നിന്ന് 15 ഏക്കറായും വർധിപ്പിച്ചു. കേരഫെഡ്, VFPCK വഴി വില ഏറ്റക്കുറച്ചിലുകൾ തടഞ്ഞു.

പച്ചക്കറി ഉൽപ്പാദനം 6.28 ലക്ഷം ടണ്ണിൽ നിന്ന് 19.1 ലക്ഷം ടണ്ണായി വർധിച്ചു. ഹോർട്ടികൾച്ചർ മേഖലയിലെ നവീന ഇടപെടലുകൾ കാർഷിക മേഖലയ്ക്ക് ഉത്തേജനം നൽകുകയും യുവാക്കൾ,സ്ത്രീകൾതുടങ്ങിയവർക്ക് നവീന കൃഷി രീതികളിൽ ഏർപ്പെട്ട് വരുമാനം വർദ്ധിപ്പിക്കുവാൻ സാധ്യമായി. 5 ഹൈബ്രിഡ് വിത്തിനങ്ങൾ വിതരണം ചെയ്തു. പുഷ്പകൃഷിയിൽ 724 ഹെക്ടറിൽ 6,343 ടൺ പൂക്കൾ ഉൽപ്പാദിപ്പിച്ചു. "ഫ്രൂട്ട് ക്ലസ്റ്റർ" പദ്ധതി വഴി മാവ്, പ്ലാവ് തുടങ്ങിയ വിളകൾക്ക് സബ്സിഡികൾ നൽകി വരുമാനം വർധിപ്പിച്ചു.

ജൈവകൃഷി പ്രോത്സാഹിപ്പിച്ച് PGS, NPOP സർട്ടിഫിക്കേഷനുകൾ വഴി അന്താരാഷ്ട്ര വിപണി ലക്ഷ്യമിട്ടു. "കേരളാഗ്രോ ഗ്രീൻ", "കേരളാഗ്രോ ഓർഗാനിക്" ബ്രാൻഡുകൾ വിപണിയിൽ അവതരിപ്പിച്ചു. ചെറുധാന്യങ്ങൾക്ക് 'മില്ലറ്റ് കഫേ'കൾ ആരംഭിച്ചു.

വന്യമൃഗ ശല്യത്തിനെതിരെ 6.2 കോടി രൂപ സംസ്ഥാന വിഹിതത്തിൽ നിന്നും 38 കോടി രൂപ RKVY-യിൽ നിന്നും വകയിരുത്തി പ്രതിരോധ നടപടികൾ കൈകൊണ്ടു വരുന്നു. ഇത് കൃഷി നഷ്ടങ്ങൾ കുറച്ച് വരുമാനം സംരക്ഷിക്കുന്നതിന് ഇടയാക്കുന്നു.

150-ലധികം അഗ്രി-ടെക് സ്റ്റാർട്ടപ്പുകൾ തുടങ്ങി, പരിശീലനം, സ്കിൽ വികസനം നൽകി വരുമാനം വർധിപ്പിച്ചു. കേരള കാർഷിക സർവകലാശാല, വയനാട്ടിലെ "സെന്റർ ഓഫ് എക്സലൻസ്" തുടങ്ങിയവ ഹൈടെക് കൃഷി പ്രോത്സാഹിപ്പിച്ചു വരുമാനവർദ്ധനവ് സാധ്യമാക്കുന്നു.

സമഗ്ര വിള ഇൻഷുറൻസ് നടപ്പാക്കി, 27 വിളകൾ ഉൾപ്പെടുത്തി, ചെറുകിട ഏലം കർഷകർക്ക് ആനുകൂല്യം ലഭ്യമാകുവാൻ നിശ്ചയിച്ച കുറഞ്ഞ പരിധി 2.5-ൽ നിന്ന് 1 ഏക്കറായി കുറച്ചു. റബ്ബർ താങ്ങുവില 180 രൂപയാക്കി, 2,054 കോടി രൂപ RPIS വഴി വിതരണം ചെയ്തു. 16 ഇനം പഴം-പച്ചക്കറികൾക്ക്

| | | | |
|---|---|---|---|
| | | | അടിസ്ഥാനവില പദ്ധതി നടപ്പാക്കി. ഈ നടപടികളും വരുമാന വർദ്ധനവിന് ഇടയാക്കുന്നു.<br><br>യന്ത്രവൽക്കരണത്തിന് SMAM വഴി 200 കൃഷിക്കൂട്ടങ്ങളെ തയ്യാറാക്കി. വ്യക്തികൾക്കും ഗ്രൂപ്പുകൾക്കും യന്ത്രോപകരണങ്ങൾ നൽകി. 424.24 കോടി രൂപ സഹായം അനുവദിച്ചു. ഇത് മനുഷ്യാധ്വാനം കുറച്ച് ഉൽപ്പാദനം വർധിപ്പിച്ചു.<br><br>സ്മാർട്ട് കൃഷിക്ക് IoT, AI, ഡ്രോണുകൾ പ്രയോജനപ്പെടുത്തി.'കതിർ' സോഫ്റ്റ്‌വെയറും മൊബൈൽ ആപ്പും വഴി സേവനങ്ങൾ ത്വരിതപ്പെടുത്തി, കടലാസുരഹിത സംവിധാനം നടപ്പാക്കി, കർഷകർക്ക് വേഗത്തിലുള്ള സഹായം ഉറപ്പാക്കി.<br><br>കാർബൺ ന്യൂട്രൽ കൃഷി പ്രോത്സാഹിപ്പിച്ച് ആലുവ, ഒക്കൽ ഫാമുകൾ കാർബൺ ന്യൂട്രൽ ആക്കി, മണ്ണിന്റെ ഫലഭൂയിഷ്ഠത വർധിപ്പിച്ചു. നവോധൻ പദ്ധതി വഴി തരിശുഭൂമി കൃഷിക്ക് ലഭ്യമാക്കി കൂടുതൽ കർഷകർക്ക് വരുമാനം ഉറപ്പാക്കി.<br><br>കടാശ്വാസ കമ്മീഷൻ വഴി 391.75 കോടി രൂപ കടാശ്വാസം നൽകി, സാമ്പത്തിക ഭാരം കുറച്ചു. ഈ സമഗ്ര സമീപനം കർഷകരുടെ വരുമാനം ഉയർത്തി മേഖലയെ ആകർഷകമാക്കി. |
| (ബി) | കാർഷികോല്പാദന ക്ഷമത മെച്ചപ്പെടുത്തുന്നതിനും ഉല്പന്നങ്ങളുടെ ന്യായവില ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | ഉണ്ട്. 16 ഇനം വിളകൾക്ക് സർക്കാർ അടിസ്ഥാന വില നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. കൂടാതെ പച്ചത്തേങ്ങ, കൊപ്ര, റബ്ബർ എന്നിവയ്ക്ക് താങ്ങ് വില പ്രഖ്യാപിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ നൽകുന്ന താങ്ങ് വിലയ്ക്ക് പുറമേ സംസ്ഥാന പ്രോത്സാഹന ബോണസ്സ് ഉൾപ്പെടെ ക്വിന്റലിന് 2820 രൂപ സംഭരണ വില നൽകി കർഷകരിൽ നിന്നും നെല്ല് ശേഖരിക്കുന്നു. കൊപ്രയ്ക്ക് ക്വിന്റലിന് 11582 രൂപയാണ് കേന്ദ്രസർക്കാർ നിശ്ചയിച്ചിരിക്കുന്ന താങ്ങ് വില. എന്നാൽ വിപണി വില നാളികേരത്തിന് കൂടി നിൽക്കുന്നതിനാൽ നിലവിൽ കൊപ്രയ്ക്കും പച്ചത്തേങ്ങക്കും സംഭരണം ആവശ്യമായി വരുന്നില്ല. റബറിന് നിലവിൽ കിലോഗ്രാമിന് 180 രൂപയാണ് താങ്ങ് വിലയായി കേരള സർക്കാർ നിശ്ചയിച്ചിട്ടുള്ളത്.<br><br>കൃഷി വകുപ്പിന് കീഴിലുള്ള, KABCO ക്ക് കൈമാറിയിട്ടുള്ള കാർഷിക നഗര ഗ്രാമീണ മൊത്ത വ്യാപാര വിപണികൾ, വി.എഫ്.പി.സി.കെ, ഹോർട്ടികോർപ്പ് തുടങ്ങിയ കർഷകരുടെ ഉൽപ്പന്നങ്ങൾ സർക്കാർ സ്ഥാപനങ്ങൾ സംഭരിച്ച് |

| | | | |
|---|---|---|---|
| | | | വിപണനം നടത്തി വരുന്നു. ആയത് വഴി കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കുന്നു. കൂടാതെ പഞ്ചായത്ത് തലത്തിൽ കർഷകരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി ആരംഭിച്ചിട്ടുള്ള എക്കോ ഷോപ്പുകൾ, എ ഗ്രേഡ് ക്ലസ്റ്റർ ഔട്ട് ലെറ്റുകൾ, വഴിയോര ചന്തകൾ, ആഴ്ച ചന്തകൾ, BLFO മാർക്കറ്റുകൾ എന്നിവയിലൂടെയും കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കുന്നു.<br><br>വിള വിസ്തൃതി വർദ്ധനവും വികസനവും ലക്ഷ്യമിട്ട് നെല്ല്, പച്ചക്കറി, നാളികേരം, സുഗന്ധവ്യഞ്ജനങ്ങൾ, ഫലവർഗ്ഗങ്ങൾ, പുഷ്പകൃഷി, ഔഷധസസ്യങ്ങൾ എന്നിവയ്ക്ക് പ്രോത്സാഹനം നൽകിവരുന്നു. തെങ്ങിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി ശാസ്ത്രീയ വിളപരിപാലന മാർഗ്ഗങ്ങളും, കീടരോഗ നിയന്ത്രണ മാർഗ്ഗങ്ങളും നടപ്പിലാക്കുന്ന 'കേര രക്ഷാ വാരം' പദ്ധതി നിലവിൽ നടപ്പിലാക്കിവരുന്നു. ബഹുവിള കൃഷി, ഇടവിള കൃഷി, വിള പരിക്രമണം (crop rotation) എന്നിവയിലൂടെ വിള വൈവിധ്യവത്കരണം പ്രോത്സാഹിപ്പിക്കുകയും അതുവഴി ഉല്പാദനക്ഷമത വർദ്ധിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ 'വിള വൈവിധ്യവൽക്കരണം, വിളതീവ്രത, അവതരണം' എന്ന പദ്ധതി നടപ്പിലാക്കുന്നു. |
| (സി) | കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധന പ്രവർത്തനങ്ങൾ വ്യാപകമാക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കാമോ? | (സി) | കാർഷിക ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം, അനുയോജ്യമായ മൂല്യവർധന പ്രവർത്തനങ്ങൾ, വിപണനം ഉൾപ്പെടെയുള്ള കാർഷിക അനുബന്ധ പ്രവർത്തനങ്ങൾ എന്നിവ ഏറ്റെടുത്തു നടത്തുന്നതിനായി ഫാം പ്ലാൻ പദ്ധതി പ്രകാരം 2022-23, 2023-24 വർഷങ്ങളിലായി 100 ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ (എഫ്.പി.ഒ) രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br><br>കാർഷിക ഉൽപ്പന്നങ്ങൾ ഉണക്കി സൂക്ഷിക്കുന്നതും, അതിൽ നിന്ന് മൂല്യവർധിത ഉൽപ്പന്നങ്ങൾ തയ്യാറാക്കുന്നതിനുമുള്ള സാങ്കേതിക വിദ്യകളും, ഇതുമായി ബന്ധപ്പെട്ട പരിശീലനങ്ങളും കേരള കാർഷിക സർവകലാശാലയുടെ അഗ്രിബിസിനസ് ഇൻക്യുബേഷൻ സെന്ററിൽ നിന്ന് നൽകിവരുന്നുണ്ട്. കാർഷിക ഉല്പന്നങ്ങൾക്ക് അനുയോജ്യമായ പാക്കിങ്ങും വിപണന സംവിധാനവും ഒരുക്കുന്നതിന്റെ ഭാഗമായി മുംബൈയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാക്കേജിംങ്ങും സംസ്ഥാന കൃഷി വകുപ്പും തമ്മിൽ ധാരണാപത്രം ഒപ്പിടുകയും ആയതിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട ഉദ്യോഗസ്ഥർക്കും കർഷകർക്കും |

എഫ്.പി.ഒ.കൾക്കും കർഷക ഗ്രൂപ്പുകൾക്കും കൃഷിക്കൂട്ടങ്ങൾക്കും രണ്ട് ദിവസം വീതമുള്ള പരിശീലനപരിപാടികൾ മുൻ വർഷങ്ങളിൽ സംഘടിപ്പിച്ചിട്ടുണ്ട്.

റീബിൾഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം (വി.എഫ്.പി.സി.കെ) ന്റെ കീഴിൽ 7 പ്രൈമറി പ്രോസസ്സിംഗ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. ഇവിടെ നിന്നും പ്രാഥമിക സംസ്കരണം കഴിഞ്ഞ ഉൽപ്പന്നങ്ങൾ ബ്രാൻഡ് ചെയ്ത് വിപണനം ചെയ്തു വരുന്നു. കൂടാതെ അതിരപ്പള്ളിയിലും Attappadi Tribal Farmers Association for Millets (ATFAM) ന്റെ നേതൃത്വത്തിൽ അട്ടപ്പാടിയിലും, ചെറു ധാന്യങ്ങളുടെ സംസ്കരണശാല (Common Processing Center) പ്രവർത്തിച്ചുവരുന്നു. പോസ്റ്റ് ഹാർവെസ്റ്റ് & വാല്യൂ അഡിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ആലപ്പുഴ ചേർത്തല തെക്ക് പഞ്ചായത്തിൽ ചെറു ധാന്യങ്ങളുടെ ഒരു സംസ്കരണശാല (Common Processing Center) ആരംഭിക്കുന്നതിന് നടപ്പ് സാമ്പത്തിക വർഷത്തിൽ 141.75 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

കർഷകരിൽ നിന്നും സംഭരിക്കുന്ന ഉൽപ്പന്നങ്ങൾ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റുന്നതിന് ഹോർട്ടികോർപ്പിന് കീഴിൽ മൂന്നാറിൽ ഒരു സ്ട്രോബറി പ്രോസസിംഗ് യൂണിറ്റ്, തിരുവനന്തപുരം ജില്ലയിലെ ആനയറയിൽ ഒരു ചിപ്സ് യൂണിറ്റ്, കട്ട് വെജിറ്റബിൾ യൂണിറ്റ് എന്നിവ പ്രവർത്തിച്ചുവരുന്നു. ഇതു കൂടാതെ മാവേലിക്കരയിൽ തേൻ അധിഷ്ഠിത മൂല്യവർദ്ധിത ഉല്പന്നങ്ങൾക്കായി ഒരു ഹണി പ്രോസസ്സിംഗ് സെന്ററും പ്രവർത്തിച്ചുവരുന്നുണ്ട്.

ഇത്തരത്തിൽ സംസ്ഥാനത്തെ കർഷകർ. കർഷക സംരംഭകർ, കൃഷിക്കൂട്ടങ്ങൾ, കർഷക ഉല്പാദക സംഘടനകൾ (എഫ്.പി.ഒ), കർഷക ഉല്പാദക കമ്പനികൾ (എഫ്.പി.സി) മറ്റ് കർഷകക്കൂട്ടായ്മകൾ പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവർ ഉൽപ്പാദിപ്പിക്കുന്ന ഗുണമേൻമയുള്ള മൂല്യവർധിത ഉൽപ്പന്നങ്ങൾ, നിലവിൽ കൃഷി വകുപ്പിന്റെയും, ഹോർട്ടികോർപ്പിന്റെയും, വി.എഫ്.പി.സി.കെ.-യുടെയും മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളുടെയും നിയന്ത്രണത്തിലുള്ള ഔട്ട് ലെറ്റുകൾ വഴി വിപണനം നടത്തുന്നതിലൂടെ കാർഷികോല്പന്നങ്ങൾക്കും 2023-24 വർഷത്തിൽ 14 ജില്ലകളിലുമായി സ്ഥാപിച്ചിട്ടുള്ള 15 കേരളാഗ്രോ ബ്രാൻഡഡ് ഷോപ്പുകൾ, 14 ഫാം പ്ലാൻ പ്രീമിയം ഔട്ട്

| | | | |
|---|---|---|---|
| | | | ലെറ്റുകൾ എന്നിവ വഴി മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾക്കും വിപണനത്തിനായി കൂടുതൽ വിപണി ലഭ്യത ഉറപ്പാക്കാൻ സാധിക്കുന്നു. നാളിതുവരെ 942 മൂല്യവർദ്ധിത ഉൽപന്നങ്ങൾക്ക് കേരളാഗ്രോ ബ്രാൻഡ് അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ